**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1821** **19-01-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും പെൻഷനും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം. രാജഗോപാലൻ | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | കോവിഡിനെ തുടർന്ന് കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളവും പെൻഷനും നൽകാൻ സർക്കാർ എത്രകോടി രൂപയാണ് നാളിതുവരെയായി അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | കോവിഡിനെ തുടർന്ന് ജീവനക്കാർക്ക് ശമ്പളവും പെൻഷനും നൽകാൻ സർക്കാർ നാളിതുവരെയായി 1264.63 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ കോവിഡ് ഫണ്ടായി 5 കോടി രൂപയും, കെ.റ്റി.ഡി.എഫ്.സി. വായ്പയുടെ പലിശ ഒടുക്കുന്നതിന് 12.77 കോടി രൂപയും ഡീസൽ പ്രൈസ് ഇനത്തിൽ ഐ.ഒ.സി.യ്ക്ക് നൽകുന്നതിനായി 20 കോടി രൂപയും, ജീവനക്കാർക്ക് ബോണസ്, ഉത്സവബത്ത എന്നിവ നൽകുന്നതിനായി 7.30 കോടി രൂപയും ശബരിമല സ്പെഷ്യൽ സർവ്വീസ് നടത്തിപ്പിനായി 10 കോടി രൂപയും, കൺസോർഷ്യം വായ്പ തിരിച്ചടവിനായി 80 കോടി രൂപയും, ജീവനക്കാർക്ക് ഇടക്കാലാശ്വാസം അനുവദിക്കുന്നതിലേക്കായി 4.37കോടി രൂപയും, 2020-21 പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണവും ഇ-ഗവേണൻസും എന്ന പദ്ധതിയുടെ ആദ്യ ഘട്ടമായി 2.73 കോടി രൂപയും ചേർത്ത് ഈ കോവിഡ് കാലഘട്ടത്തിൽ ആകെ 1406.80 കോടി രൂപ സർക്കാർ സഹായമായി ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇപ്പോൾ കെ.എസ്.ആർ.ടി.സി. യിലെ എത്ര ശതമാനം ബസ്സുകളാണ് ഓപ്പറേറ്റ് ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | 12.1.2021-ലെ കണക്ക് പ്രകാരം റിസർവേഷൻ ഉൾപ്പെടെ 61.45% ബസ്സുകളാണ് നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ